**15 –ാം കേരള നിയമസഭ**

**16 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** **04-02-2026 - ൽ മറുപടിയ്ക്ക്**

**പാണാവള്ളി-എറണാകുളം ബോട്ട് സർവീസ് പുനരാരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിലെ പാണാവള്ളി-എറണാകുളം ബോട്ട് സർവീസ് നിർത്തലാക്കിയതിന്റെ കാരണം വിശദമാക്കാമോ; | (എ) | പാണാവള്ളി - എറണാകുളം ബോട്ട് സർവീസ് ദേശീയ ജലപാത 3-ലൂടെ കടന്നു പോകുന്നുണ്ട്. തുറവൂർ - കുമ്പളം ഇരട്ട പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അരൂർ റെയിൽവേ പാലത്തിന്റെ സ്പാൻ നമ്പർ 17,18 എന്നിവയുടെ നിർമ്മാണം നടക്കുന്നതിനാൽ ടി ജലപാതയിലൂടെയുള്ള ബോട്ട് സർവീസ് താൽകാലികമായി റദ്ദ് ചെയ്യണം എന്ന് ദേശീയ ജലപാതാ വിഭാഗത്തിൽ നിന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് അരൂർ മണ്ഡലത്തിലെ പാണാവള്ളി - എറണാകുളം ബോട്ട് സർവീസ് താൽകാലികമായി നിർത്തലാക്കിയിട്ടുള്ളത് . |
| (ബി) | പ്രസ്തുത ബോട്ട് സർവ്വീസ് നടത്തിയിരുന്ന പ്രദേശത്ത് മറ്റ് ബോട്ടുകൾ സർവീസ് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പാണാവള്ളി-എറണാകുളം ബോട്ട് സർവീസ് പുനരാരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ദേശീയ ജലപാതയിലെ സ്പാൻ നിർമാണം അന്തിമ ഘട്ടത്തിലാണ്. നിർമാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പാണാവള്ളി എറണാകുളം സർവീസ് പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ